പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1624 04-12-2018-ലെ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിൽ വെള്ളപ്പൊക്കം മൂലമുണ്ടായ കൃഷിനാശം സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കുട്ടനാട് മേഖലയിൽ 16313 ഹെക്ടറിലെ നെൽകൃഷി നാശത്തിന് 308.31 കോടിയുടെ നാശനഷ്ടം കണക്കാക്കുന്നു. |
| (ബി) | കൃഷിനശിച്ച കർഷകർക്ക് ആശ്വാസം നൽകുന്നതിന് അവർക്ക് സൗജന്യ വിത്തും വളവും നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) | എല്ലാ നെൽകർഷകർക്കും സൗജന്യ വിത്ത് നൽകി വരുന്നു. കുട്ടനാട് മേഖലയായ ആലപ്പുഴ ജില്ലയിൽ 3612.885 ടൺ (ജ്യോതി-354.885 ടൺ, ഉമ-3258 ടൺ) കോട്ടയം ജില്ലയിൽ 1506 ടൺ വിത്ത് സൗജന്യമായി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി നിരക്കിൽ വളവും കുമ്മായവും നൽകുന്നുണ്ട്. |
| (സി) | കുട്ടനാട്ടിൽ മടവീഴ്ച ഉണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് എത്ര കോടി രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചത്; അറിയിക്കുമോ; | (സി) | ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ മടവീഴ്ചയുണ്ടായ ബണ്ടുകൾ നന്നാക്കുന്നതിന് 1,42,76,000/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ഈ തുക 20% അഡ്വാൻസായി 147 പാടശേഖരങ്ങൾക്ക് നൽകിയിരിക്കുന്നു. ബാക്കി വരുന്ന 80% തുക എഞ്ചിനിയറുടെ വാല്യുവേഷൻ പ്രകാരം നൽകി വരുന്നു. ഇതിനായി 3.5 കോടി രൂപ എസ്.ഡി.ആർ.എഫ്. ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുട്ടനാട് മേഖലയിൽ 90 ലക്ഷം രൂപ എസ്.ഡി.ആർ.എഫ്. ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മടവീഴ്ച ഉണ്ടാകാതെ കർഷകർ | (ഡി) | ഇല്ല. എന്നാൽ ഒരു കിലോമീറ്ററിന് 60,000/- രൂപ |

| | |
|---|---|
| സംരക്ഷിച്ച് നിർത്തിയ ബണ്ടുകൾ ഉറപ്പിക്കുവാൻ കർഷകർ സ്വന്തം കയ്യിൽ നിന്നും ചെലവാക്കിയ തുക തിരികെ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | എന്ന നിരക്കിൽ [illegible] ചെയ്യുന്നതിന് തുക പാടശേഖര സമിതിയ്ക്ക് നൽകി വരുന്നു. എക്കൽ/ഡിസിൽറ്റിംഗ് എന്നീ വർക്കുകൾ നടത്തുന്നതിന് ആലപ്പുഴ ജില്ലയ്ക്ക് 3.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് കൃഷിക്കാർക്ക് അനുവദിക്കുന്നതാണ്. കോട്ടയം ജില്ലയ്ക്ക് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**